**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1830 07.03.2017-ൽ മറുപടിയ്ക്ക്

## വിവരാവകാശ നിയമം ശക്തിപ്പെടുത്തുന്നതിന് നടപടി

| | ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | വിവരാവകാശ നിയമം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; | (എ) യും (ബി) യും | വിവരാവകാശനിയമം ശക്തിപ്പെടുത്തുന്നതിനും ഈ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെയും ഭാഗമായി സംസ്ഥാന വിവരാവകാശ കമ്മീഷൻ ഓഫീസിനെയും വിവിധ സർക്കാർ സ്ഥാപനങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന സോഫ്റ്റ് വെയർ തയ്യാറാക്കുന്നത് സംബന്ധിച്ച രൂപരേഖയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. |
| (ബി) | വിവരാവകാശ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് വിവരാവകാശ കമ്മീഷനെയും സർക്കാർ സ്ഥാപനങ്ങളെയും ഓൺലൈൻമുഖേന ബന്ധിപ്പിക്കുന്നതിന് സംവിധാനമെന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | | |
| (സി) | അഴിമതി രഹിതവും സുതാര്യവുമായ ഭരണം ഉറപ്പുവരുത്തുന്ന തരത്തിലുള്ള വിവര കൈമാറ്റത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ മന്ത്രിസഭാ തീരുമാനം സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിന് തയ്യാറാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അതിന് തയ്യാറാകാത്തത് എന്ന് വ്യക്തമാക്കുമോ ? | (സി) | ഉണ്ട്. മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം അപേക്ഷിക്കുന്നവർക്ക് നൽകുന്നതിൽ ഒരു തടസ്സവും നിലവിലില്ല. മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകണമെന്നു തന്നെയാണ് ഈ സർക്കാരിന്റെ നയം. 20.07.2016-ലെ സ.ഉ. (സാധാ) 20/2016/പൊഭ (എസ്.സി) ഉത്തരവ് പ്രകാരം മന്ത്രിസഭായോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, അത് പുറപ്പെടുവിച്ച ഉടൻ തന്നെ മന്ത്രിസഭായോഗത്തിന് സമർപ്പിച്ച കുറിപ്പുകൾ, തീരുമാനം എന്നിവ ഉൾപ്പെടെ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻപ്രകാരം അവ kerala.gov.in എന്ന സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ